**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3834** **09-10-2025 - ൽ മറുപടിയ്ക്ക്**

**മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കുന്നതിന് റോഡ് ടാക്സ് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായവരുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ റോഡ് ടാക്സ് ഒഴിവാക്കുന്ന ഉത്തരവ് നിലവിലുണ്ടെങ്കിലും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 26.04.2022 -ലെ G.O.(P)No. 13/2022/TRANS വിജ്ഞാപനം പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവരുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന 7 ലക്ഷം രൂപ വരെ purchase value ഉള്ള കാറുകൾക്കുള്ള വാഹന നികുതി ഒഴിവാക്കി നൽകുന്നു |
| (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ബാങ്കിലോ ആർ.ടി.ഒ. ഓഫീസിലോ നേരിട്ടെത്തി ബന്ധപ്പെട്ട രേഖകളിൽ ഒപ്പിടുന്നതിനോ രേഖാമൂലം അപേക്ഷ നൽകുന്നതിനോ കഴിയാത്ത സാഹചര്യത്തിൽ ഇവരുടെ മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കുന്നതിന് പ്രസ്തുത ഇളവ് ബാധകമാക്കാമോ; വിശദമാക്കാമോ; | (ബി) | 26.04.2022-ലെ G.O.(P)No.13/2022/TRANS പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവരുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന 7 ലക്ഷം രൂപ വരെ purchase value ഉള്ള കാറുകൾക്കുള്ള വാഹന നികുതി ഒഴിവാക്കി നൽകുന്നു. വാഹന ഉടമ പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ മാതാപിതാക്കളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്താലും നികുതി ഇളവ് അനുവദിക്കുന്നുണ്ട്. |
| (സി) | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പൊതുഗതാഗത സംവിധാനത്തിൽ സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവരുടെ മാതാപിതാക്കളുടെ പേരിൽ വാഹനം എടുക്കേണ്ടിവരുന്ന ഈ വിഷയത്തിൽ എന്തു നടപടി എടുക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പൊതു ഗതാഗത സംവിധാനത്തിൽ സഞ്ചരിക്കാൻ പ്രയാസമുള്ള സാഹചര്യത്തിൽ, അത്തരത്തിലുള്ള വ്യക്തികളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന 7 ലക്ഷം രൂപ വരെയുള്ള കാറുകൾക്ക്, 26.04.2022-ലെ G.O.(P)No.13/2022/TRANS വിജ്ഞാപന പ്രകാരം നികുതി ഇളവ് അനുവദിച്ചിട്ടുണ്ട് . ഇത്തരക്കാർക്ക് 18 വയസ്സ് തികയാത്ത പക്ഷം മാതാപിതാക്കളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്താലും ഇളവ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ